6645
11/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡിഎസ് - അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയ്ക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 322/2015/സാനീവ    തീയതി, തിരുവനന്തപുരം: 04.06.2015

---

പരാമർശം: 1. സ.ഉ (സാധാ) നം 187/2015/സാനീവ തീയതി 27.03.2015.
2. 14.05.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ5-5588/15 നമ്പർ കത്ത്.
3. 16.05.2015 - ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

അട്ടപ്പാടിയിൽ കുടിവെള്ളം കിട്ടാത്ത ഗുരുതരമായ സാഹചര്യമുള്ളതിനാലും അങ്കണവാടികളിലെ ജലവിതരണം അടിയന്തിര പ്രാധാന്യമർഹിക്കുന്നതിനാലും ഒഴിച്ചു കൂടാൻ കഴിയാത്ത സാഹചര്യമാകയാൽ അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയ്ക്കായി 1 കോടി രൂപ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾക്കായുള്ള ശീർഷകമായ 2235-60-200-83(പി)- ൽ നിന്നും ചെലവഴിക്കുന്നതിനും ടി പദ്ധതി ജലനിധി വഴി നടപ്പിലാക്കുന്നതിനും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) 2014-15 സാമ്പത്തിക വർഷാവസാനമായതിനാലും ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലും പ്രസ്തുത 1 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം കഴിഞ്ഞിട്ടില്ല എന്നും, 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി, അട്ടപ്പാടിയിലെ അങ്കണവാടികളിൽ ജലവിതരണം ലഭ്യമാക്കുന്നതിന് 1 കോടി രൂപ 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി പുതുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(3) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ ടി ശുപാർശ പരിഗണിക്കുകയും പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് 'റീവാലിഡേറ്റ്' ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(4) അട്ടപ്പാടിയിലെ അങ്കണവാടികളിൽ ജലവിതരണം നടത്തുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സാമൂഹ്യനീതി (എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ